KOLLAM CITY POLICE
www.kollamcity.keralapolice.gov.in

Dated : 02/ 08/ 2017

# മദ്യവിൽപ്പനശാലയിലെ കൊലപാതകം പ്രതികൾ അറസ്റ്റിൽ

കൊല്ലം : പുന്തലത്താഴം വിദേശമദ്യശാലയ്ക്ക് മുൻപിൽ ക്യൂ നിന്നതിനെ ചൊല്ലിയുണ്ടായ തർക്കത്തിൽ യുവാവിനെ കുത്തിക്കൊന്ന കേസിൽ മൂന്നുപേരെ ഇരവിപുരം പോലീസ് അറസ്റ്റ്ചെയ്തു.



സജിൻ (22)



അനൂപ് (27)

കൊല്ലം കിളികൊല്ലൂർ കല്ലുംതാഴം നക്ഷത്രനഗർ-66 സജു ഭവനിൽ സജിൻ (22), കുണ്ടറ മാമൂട് പ്രവീൺ വിലാസത്തിൽ പ്രജോഷ് (28), കിളികൊല്ലൂർ മേക്കോൺ കണ്ണൻ കോളനിയിൽ അനൂപ് (27) എന്നിവരാണ് പിടിയിലായത്. ഇവർ വിദേശമദ്യശാലയ്ക്ക് മുൻപിൽ ക്യൂ നിന്ന വടക്കേവിള പട്ടത്താനം തോണ്ടലിൽ സുമേഷ് (34) നെ കുത്തിക്കൊന്ന കേസിലാണ് അറസ്റ്റിലായത്.



പജോഷ് (28)

മേയ് ആറിന് രാത്രി ഒൻപത് മണിയോടെയാണ് കേസിനാസ്പതമായ സംഭവം നടന്നത്. കിളികൊല്ലൂർ കല്ലുംതാഴം ചാമ്പക്കുളം റെയിൽവെ ലൈനിലിരുന്ന് മദ്യപിച്ച മൂവർ സംഘം മദ്യം തീർന്നതോടെ വീണ്ടും വാങ്ങാനായി മദ്യശാലയിലെത്തി ക്യൂ നിന്നു എന്നാൽ മദ്യം വാങ്ങാൻ പണം തികയാത്തതിനാൽ ക്യൂ നിന്നിരുന്ന സജിൻ സുഹൃത്തുക്കളുടെ പക്കൽനിന്നും പണം വാങ്ങി തിരികെ ക്യൂവിൽ കയറാൻ ശ്രമിക്കവെ മുന്നിൽ നിന്നിരുന്ന സുമേഷ് സജിനെ ഷർട്ടിൽ പിടിച്ച് മാറ്റാൻ ശ്രമിക്കുന്നതിനിടയിൽ സജിൻ അരയിൽ സൂക്ഷിച്ചിരുന്ന കത്തിയൂരി കുത്തുകയായിരുന്നു. തലയ്ക്ക് മാരകമായി പരിക്കേറ്റ സുമേഷിനെ ഉടൻ ജില്ലാ ആശുപത്രിയിലും അവിടെ നിന്നും മിയ്യണ്ണൂർ മെഡിക്കൽ കോളേജിലും തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും എത്തിച്ചെങ്കിലും ഏഴാം തീയതിയോടെ സുമേഷ് മരിച്ചു.

സൈബർ സെല്ലിന്റെ സഹായത്തോടെ ടവർ കേന്ദ്രീകരിച്ചുനടത്തിയ അന്വേഷണത്തിൽ പ്രതികളെകുറിച്ച് സൂചനകൾ ശേഖരിച്ച് ബാംഗ്ലൂരിലായിരുന്ന ഒന്നാം പ്രതിയെ നാട്ടിലെത്തിച്ച് അറസ്റ്റ് ചെയ്യുകയായിരുന്നു.